<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 179</u> <u>10-06-2024 - ൽ മറുപടിയ്ക്ക്</u>

<u>നവകേരള സദസ്സുമായി ബന്ധപ്പെട്ട് ലഭിച്ച അപേക്ഷകൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നവകേരള സദസ്സുമായി ബന്ധപ്പെട്ട് അരുവിക്കര നിയോജക മണ്ഡലത്തിൽ നിന്നും ലഭിച്ച അപേക്ഷകളുടെയും പരാതികളുടെയും തൽസ്ഥിതി വ്യക്തമാക്കാമോ; | (എ) | 4823 പരാതികളിൽ 4241 പരാതികൾ തീർപ്പാക്കിയിട്ടുണ്ട്. 432 പരാതികളിൽ നടപടിസ്വീകരിച്ചു വരുന്നു. അപേക്ഷകളിൽ പലതും പൊതുസ്വഭാവം ഉള്ളവയായതിനാൽ അത്തരം വിഷയങ്ങളിൽ പൊതുവായ തീരുമാനങ്ങൾ എടുക്കാൻ നടപടി സ്വീകരിച്ചു വരുന്നു. നിലവിലെ ഉത്തരവുകളിലോ ചട്ടങ്ങളിലോ മാറ്റങ്ങൾ ആവശ്യമുണ്ടെങ്കിൽ അത് തരം കാര്യങ്ങൾ കൂടി പരിശോധിച്ച് നടപടിക്രമങ്ങൾ ലഘൂകരിച്ചു കൊണ്ട് പൊതുപ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടതുണ്ട്. അതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. ഇത്തരം അപേക്ഷകളിൽ തീരുമാന മെടുക്കുന്നതിന് കൂടുതൽ സമയം ആവശ്യമാണ്. ഇതിനു പുറമെ ആവശ്യമായ രേഖകളോ മറ്റ് വിവരങ്ങളോ ഉൾപ്പെടുത്താതെ നൽകിയ അപേക്ഷകളിൽ അവ ലഭ്യമാക്കിയാൽ മാത്രമേ അന്തിമ തീരുമാനം എടുക്കാൻ കഴിയൂ.<br><br>തീർപ്പായതുൾപ്പെടെ നിവേദനങ്ങളുടെ നിലവിലെ സ്ഥിതി www.navakeralasadas.gov.in ലഭ്യമാണ്. |
| (ബി) | ഇതിനോടകം തീർപ്പാക്കിയ അപേക്ഷകളുടെയും ഇനി തീർപ്പാക്കാൻ അപേക്ഷകൾ ഉണ്ടെങ്കിൽ അവയുടെയും എണ്ണം അറിയിക്കാമോ? | (ബി) | 4823 പരാതികളിൽ 4241 പരാതികൾ തീർപ്പാക്കിയിട്ടുണ്ട്. 432 പരാതികളിൽ നടപടി സ്വീകരിച്ചു വരുന്നു. അപേക്ഷകളിൽ പലതും പൊതുസ്വഭാവം ഉള്ളവയായതിനാൽ അത്തരം വിഷയങ്ങളിൽ പൊതുവായ തീരുമാനങ്ങൾ എടുക്കാൻ നടപടി സ്വീകരിച്ചു വരുന്നു. നിലവിലെ ഉത്തരവുകളിലോ ചട്ടങ്ങളിലോ മാറ്റങ്ങൾ ആവശ്യമുണ്ടെങ്കിൽ അത്തരം കാര്യങ്ങൾ കൂടി പരിശോധിച്ച് നടപടിക്രമങ്ങൾ ലഘൂകരിച്ചു കൊണ്ട് പൊതുപ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടതുണ്ട്. അതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. ഇത്തരം അപേക്ഷകളിൽ തീരുമാന മെടുക്കുന്നതിന് കൂടുതൽ സമയം ആവശ്യമാണ്. ഇതിനു പുറമെ ആവശ്യമായ രേഖകളോ മറ്റ് വിവരങ്ങളോ ഉൾപ്പെടുത്താതെ |

| | | | |
|---|---|---|---|
| | | | നൽകിയ അപേക്ഷകളിൽ അവ ലഭ്യമാക്കിയാൽ മാത്രമേ അന്തിമ തീരുമാനം എടുക്കാൻ കഴിയു.<br><br>തീർപ്പായതുൾപ്പെടെ നിവേദനങ്ങളുടെ നിലവിലെ സ്ഥിതി www.navakeralasadas.gov.in ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ